പിറവത്തെ ശുദ്ധജല വിതരണ പദ്ധതികൾ

26(929) (ശ്രീ. ടി. എം. ജേക്കബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിറവം നിയോജകമണ്ഡലത്തിൽ നിലവിലുള്ള ശുദ്ധജലവിതരണ പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികളാണ് വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത വിപുലീകരണ പദ്ധതികൾക്ക് ഭരണാനുമതി നൽകിയത് ഏത് വർഷമാണ് ; എന്ത് തുകയ്ക്കാണെന്ന് വ്യക്തമാക്കുമോ ;

(ഡി) വിപുലീകരണ പദ്ധതികൾ പൂർത്തിയാക്കാൻ നിശ്ചയിച്ചിരുന്നത് ഏത് വർഷങ്ങളിലാണെന്ന് വെളിപ്പെടുത്താമോ ;

(ഇ) എന്നത്തേക്ക് ഇവ പൂർത്തിയാകുമെന്ന് വെളിപ്പെടുത്താമോ ;

(എഫ്) പണികൾ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ പൂർത്തിയാകുമ്പോൾ പിറവം നിയോജകമണ്ഡലത്തിലെ മുഴുവൻ ജനങ്ങൾക്കും ശുദ്ധജലം നൽകാൻ കഴിയുമോ ;

(ജി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പിറവം നിയോജകമണ്ഡലത്തിൽ ആരംഭിച്ച പുതിയ ശുദ്ധജലവിതരണ പദ്ധതികൾ ഏതെല്ലാമാണ് ; ഇതിലേക്ക് എന്ത് തുക ചെലവാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പിറവം നിയോജകമണ്ഡലത്തിൽ നിലവിലുള്ള ശുദ്ധജലവിതരണ പദ്ധതികളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

1. പിറവം ശുദ്ധജലവിതരണ പദ്ധതി.
2. തിരുമാറാടി-ഓണക്കൂർ മേമുറി(ഭാഗികം) വില്ലേജുകൾക്കായുള്ള ശുദ്ധജലവിതരണ പദ്ധതി.
3. രാമമംഗലം, മേമുറി(ഭാഗികം)വില്ലേജുകൾക്കായുള്ള ശുദ്ധജലവിതരണ പദ്ധതി.
4. മണിട് മുളന്തുരുത്തി വില്ലേജുകൾക്കായുള്ള ശുദ്ധജലവിതരണ പദ്ധതി.
5. പാർപ്പാക്കോട് ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി.
6. കൈപ്പട്ടൂർ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി.
7. കാഞ്ഞിരമറ്റം ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി.
8. കുളവേലി ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

9. ഭഗവതിമൂഴം ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി.

10. കുലയേറ്റിക്കര ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി.

11. പുളിയ്ക്കമാലി ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി.

12. കാരിക്കോട് ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി.

13. ആരക്കുന്നം ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി.

14. ഊരമന ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി.

15. രാമമംഗലം ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി.

16. അയ്യന്താനം ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി.

(ബി) പിറവം ശുദ്ധജല വിതരണ പദ്ധതി, തിരുമാറാടി-മേമുറി (ഭാഗികം) ഓണക്കൂർ ശുദ്ധജലവിതരണ പദ്ധതി, രാമമംഗലം -മേമുറി (ഭാഗികം) എന്നീ ശുദ്ധജലവിതരണ പദ്ധതികളുടെ വിപുലീകരണപ്രവർത്തനം നടന്നു കൊണ്ടിരിക്കുന്നു.

(സി)

		ഭരണാനുമതി നൽകിയത്	എസ്റ്റിമേറ്റ് തുക
(1)	പിറവം ശുദ്ധജലവിപുലീകരണ പദ്ധതി	25-3-1992	497 ലക്ഷം രൂപ
(2)	തിരുമാറാടി-ഓണക്കൂർ രാമമംഗഗലം മേമുറി വില്ലേജുകൾക്കായുള്ള ശുദ്ധജല വിതരണ പദ്ധതി.	26-3-1986	785 ലക്ഷം രൂപ

(ഡി)

1. പിറവം ശുദ്ധജലവിതരണവിപുലീകരണ പദ്ധതി-1998-ൽ.

2. തിരുമാറാടി-ഓണക്കൂർ-രാമമംഗഗലം-മേമുറി വില്ലേജുകൾക്കായുള്ള ശുദ്ധജലവിതരണ പദ്ധതി-2000-ൽ.

(ഇ)

1. പിറവം ശുദ്ധജലവിതരണ പദ്ധതി - 31-5-2000.

2. തിരുമാറാടി-ഓണക്കൂർ-രാമമംഗഗലം-മേമുറി വില്ലേജുകൾക്കായുള്ള ശുദ്ധജലവിതരണ പദ്ധതി - 31-2-2000.

(എഫ്) മുഴുവൻ ജനങ്ങൾക്കും ശുദ്ധജലം നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ജി) പുതിയ ശുദ്ധജലവിതരണ പദ്ധതികൾ ഒന്നും ആരംഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly